**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1799** **08-02-2023 - ൽ മറുപടിയ്ക്ക്**

**കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 28.4.2021 ന് സർക്കാരിന് സമർപ്പിക്കപ്പെട്ട കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ റെഗുലേഷനുകളുടെ അംഗീകാരത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; ഇതിനായി പൂർത്തീകരിക്കേണ്ട ഉചിതമായ പരിശോധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; അംഗീകാരം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ (കെഎംടിഎ) റെഗുലേഷനുകളുടെ കരട് ധനകാര്യ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും പരിശോധനകൾക്കും അംഗീകാരത്തിനും വിധേയമാകേണ്ടതുണ്ട്. 28.04.2021 ന് കെഎംടിഎ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചതിൽ, ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച്, കാലാകാലങ്ങളായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏകീകൃത ശമ്പളം (consolidated pay) സംബന്ധിച്ച ഉത്തരവികൾക്കനുസൃതമായി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനു വേണ്ടി കെഎംടിഎ യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ കെ.എം.ടി.എ. യിൽ നിന്നും ലഭ്യമായ ശേഷം ധനകാര്യ, നിയമ വകുപ്പുകളുടെ പരിശോധനകൾ പൂർത്തിയാക്കുന്ന മുറക്ക് മാത്രമേ കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ റെഗുലേഷന് അംഗീകാരം നൽകുവാൻ കഴിയുകയുള്ളൂ. |
| (ബി) | കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പരിധിയിൽ വരുന്ന കോർപ്പറേഷൻ ഏരിയ, മുൻസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അർബൻ മൊബിലിറ്റി പ്രദേശത്തിന്റെ പരിധിയിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ വരുന്ന പ്രദേശങ്ങൾക്ക് പുറമെ 9 മുൻസിപ്പാലിറ്റികളും 29 പഞ്ചായത്തുകളും കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച വിജ്ഞാപനം 06.12.2022ന് എസ്.ആർ.ഒ. നമ്പർ 1178/2022 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2022 ഡിസംബർ 06<br>06th December 2022<br>1198 വൃശ്ചികം 20<br>20th Vrischikam 1198<br>1944 അഗ്രഹായനം 15<br>15th Agrahayana 1944 | നമ്പർ<br>No. | 4143 |

കേരള സർക്കാർ

ഗതാഗത (സി) വകുപ്പ്

വിജ്ഞാപനം

സ.ഉ(അച്ചടി)നം.32/2022/ഗതാ

തിരുവനന്തപുരം, 2022 നവംബർ 23

**എസ്. ആർ. ഒ. നമ്പർ 1178/2022**

2019-ലെ കേരളാ മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്റ്റിന്റെ (2019-ലെ 25-ാം ആക്റ്റ്) 11-ാം വകുപ്പ് 2-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച കൊണ്ട്, കേരള സർക്കാർ, പ്രസ്തുത ആക്ടിന്റെ 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം 2020 ഏപ്രിൽ 1-ാം തീയതി മുതൽ അർബൻ മൊബിലിറ്റി പ്രദേശമായിത്തീർന്നിട്ടുള്ള കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ പ്രദേശങ്ങളോടൊപ്പം താഴെ പട്ടികയിൽ വിവരിച്ചിരിക്കുന്ന തദ്ദേശ സ്വയംഭരണ പ്രദേശങ്ങൾ കൂട്ടിച്ചേർക്കുന്നു:-

<u>പട്ടിക</u>

അർബൻ മൊബിലിറ്റി പ്രദേശത്തോട് കൂട്ടിച്ചേർക്കുന്ന പ്രദേശങ്ങൾ

**മുനിസിപ്പാലിറ്റികൾ**

1. ആലുവ
2. നോർത്ത് പറവൂർ
3. അങ്കമാലി
4. പെരുമ്പാവൂർ
5. തൃപ്പൂണിത്തുറ
6. കളമശ്ശേരി
7. മരട്
8. തൃക്കാക്കര
9. ഏലൂർ

**പഞ്ചായത്തുകൾ**

1. ചെല്ലാനം
2. കുമ്പളങ്ങി
3. മുളന്തുരുത്തി
4. ചേരാനെല്ലൂർ
5. കുമ്പളം
6. ഉദയംപേരൂർ
7. വടവുകോട്- പുത്തൻകുരിശ്
8. വാഴക്കുളം
9. ചൂർണിക്കര
10. എടത്തല
11. കീഴ്മാട്
12. ചെങ്ങമനാട്
13. ശ്രീമൂലനഗരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

14. ആലങ്ങാട്
15. കടുങ്ങല്ലൂർ
16. ഏഴിക്കര
17. കോട്ടുവള്ളി
18. നെടുമ്പാശ്ശേരി
19. കാഞ്ഞൂർ
20. വരാപ്പുഴ
21. ചോറ്റാനിക്കര
22. പള്ളിപ്പുറം
23. കുഴിപ്പള്ളി
24. എടവനക്കാട്
25. നായരമ്പലം
26. ഞാറക്കൽ
27. എളംകുന്നപ്പുഴ
28. മുളവുകാട്
29. കടമക്കുടി

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ബിജു പ്രഭാകർ

സെക്രട്ടറി

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.)

സമഗ്ര മൊബിലിറ്റി പ്ലാനിന്റെ കാര്യക്ഷമമായ നടത്തിപ്പിനും കൊച്ചി നഗരത്തിന്റെ ഗതാഗതവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി 2019-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്റ്റിന്റെ (2019-ലെ 25-ാം ആക്റ്റ്) പ്രാരംഭ തീയതിയായ 2020 ഏപ്രിൽ 1-ാം തീയതി മുതൽ അർബൻ മൊബിലിറ്റി പ്രദേശമായിത്തീർന്നിട്ടുള്ള കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ പ്രദേശങ്ങളോടൊപ്പം വിജ്ഞാപനത്തിന്റെ പട്ടികയിൽ വിവരിക്കുന്ന 9 മുനിസിപ്പാലിറ്റികളും 29 പഞ്ചായത്തുകളും കൂട്ടിച്ചേർക്കുന്നതിന് 22.01.2021-ൽ കൂടിയ കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ യോഗം തീരുമാനിക്കുകയും സർക്കാരിന് ശിപാർശ ചെയ്യുകയും ചെയ്തു. പ്രസ്തുത പ്രദേശങ്ങൾ അർബൻ മൊബിലിറ്റി പ്രദേശത്തോട് കൂട്ടിച്ചേർക്കുന്നത് യുക്തമാണെന്ന് സർക്കാർ കരുതുന്നതിനാൽ, ആക്റ്റിന്റെ 11-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/